**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **30-06-2022 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാരുടെ ക്ഷേമനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാകാരൻമാരുടെ ക്ഷേമനിധി പദ്ധതിയിൽ നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്? | (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 8515 രജിസ്റ്റർ ചെയ്ത അംഗങ്ങളാണുള്ളത്. പെൻഷൻ, ഫാമിലി പെൻഷൻ, അവശതാപെൻഷൻ, വിവാഹാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാ സഹായം എന്നീ ധനസഹായങ്ങളാണ് ടി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ. കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരി വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാരിൽ കോവിഡ് ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് 2000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഏപ്രിൽ 2021 വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാർക്ക് അപേക്ഷിച്ച മുറയ്ക്ക് 1000/- രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ